**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 42** **24-08-2022 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിന്റെ രൂപീകരണത്തിന് മുൻപ് പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജില്ലാ ബാങ്കുകൾ കാര്യക്ഷമമായി ഇടപെട്ടിരുന്നുവോ എന്ന് വ്യക്തമാക്കാമോ; | (എ) | കേരള ബാങ്ക് പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടുന്നുണ്ട്.<br><br>കേരള ബാങ്ക് രൂപീകരണത്തോടെ പ്രാഥമിക സഹകരണ സംഘങ്ങൾക്കായി സംസ്ഥാനത്താകെ ഏകീകൃത സംവിധാനം നിലവിൽ വന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കായി കേരള ബാങ്ക് ഭരണസമിതി അംഗീകരിച്ച വായ്പാ പോളിസി, മോണിറ്ററിംഗ് പോളിസി, പുനരുദ്ധാരണ പോളിസി എന്നിവ തയ്യാറാക്കുകയും അത് പ്രാവർത്തികമാക്കുന്നതിന് എല്ലാ ജില്ലകളിലും ഡെവലപ്പ്മെന്റ് കമ്മിറ്റി രൂപീകരിക്കുകയുമുണ്ടായി.<br><br>ടി സംഘങ്ങൾക്ക് വായ്പകൾക്കായി വായ്പാ പോളിസിയും, പ്രവർത്തനം നിരീക്ഷിക്കുന്നതിനായി മോണിറ്ററിംഗ് പോളിസിയും, ദുർബലമായതും ദുർബലമാകാൻ സാദ്ധ്യതയുള്ളതുമായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ കണ്ടെത്തി അവയെ ലാഭകരമാക്കാൻ പുനരുദ്ധാരണ പോളിസിയും നടപ്പിലാക്കി വരുന്നുണ്ട്. PACS Development Committee, PACS Advisory Committee, PACS Development Cell എന്നിവ ഇതിനായി പ്രവർത്തിച്ചു വരുന്നു.<br><br>കൂടാതെ നബാർഡിന്റെ നിർദ്ദേശ പ്രകാരമുള്ള Business Diversification and Product Innovation Cell ന്റെ പ്രവർത്തനങ്ങളിൽ പ്രാഥമിക സംഘങ്ങളുടെ വിഷയം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരള ബാങ്ക് രൂപീകരണത്തോടെ സഹകരണ വായ്പാ മേഖലയിൽ ഒരു തലം കുറഞ്ഞതോടെ കാർഷിക വായ്പയ്ക്ക് പലിശ കുറയ്ക്കുവാൻ കഴിഞ്ഞു. KCC വായ്പ 6.25% പലിശയ്ക്ക് |

| | | | |
|---|---|---|---|
| | | | നൽകിയിരുന്നത് 5.25% ആയും, മെമ്പർ തലത്തിൽ 4% ത്തിൽ നിന്ന് 3% ആയും കുറയ്ക്കുവാൻ കഴിഞ്ഞു.<br><br>കൂടാതെ നബാർഡ് റീഫൈനാൻസ് ഉള്ള ദീർഘകാല കാർഷിക വായ്പ 4.9% നിരക്കിൽ നൽകി വരുന്നു. ഇതു കൂടാതെ സംഘങ്ങൾക്കായി സമഗ്ര PACS as MSC, MSME വായ്പകളും നൽകി വരുന്നുണ്ട്. ഇപ്രകാരം പ്രാഥമിക വായ്പാ സംഘങ്ങളുടെ സമഗ്ര പുരോഗതി ഉറപ്പു വരുത്തുന്നതിനാണ് കേരള ബാങ്ക് പരിശ്രമിക്കുന്നത്.<br><br>ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചതോടെ പ്രാഥമിക ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ കാര്യക്ഷമമായി ഇടപെടാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ജില്ലാ സഹകരണ ബാങ്കുകളെ കേരള ബാങ്കിൽ ലയിപ്പിച്ചതോടെ ഇത് സാധ്യമല്ലാതായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | കേരള ബാങ്ക് പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടുന്നുണ്ട്.<br><br>കേരള ബാങ്ക് രൂപീകരണത്തോടെ പ്രാഥമിക സഹകരണ സംഘങ്ങൾക്കായി സംസ്ഥാനത്താകെ ഏകീകൃത സംവിധാനം നിലവിൽ വന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കായി കേരള ബാങ്ക് ഭരണസമിതി അംഗീകരിച്ച വായ്പാ പോളിസി, മോണിറ്ററിംഗ് പോളിസി, പുനരുദ്ധാരണ പോളിസി എന്നിവ തയ്യാറാക്കുകയും അത് പ്രാവർത്തികമാക്കുന്നതിന് എല്ലാ ജില്ലകളിലും ഡെവലപ്പ്മെന്റ് കമ്മിറ്റി രൂപീകരിക്കുകയുമുണ്ടായി.<br><br>ടി സംഘങ്ങൾക്ക് വായ്പകൾക്കായി വായ്പാ പോളിസിയും, പ്രവർത്തനം നിരീക്ഷിക്കുന്നതിനായി മോണിറ്ററിംഗ് പോളിസിയും, ദുർബലമായതും ദുർബലമാകാൻ സാദ്ധ്യതയുള്ളതുമായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ കണ്ടെത്തി അവയെ ലാഭകരമാക്കാൻ പുനരുദ്ധാരണ പോളിസിയും നടപ്പിലാക്കി വരുന്നുണ്ട്. PACS Development Committee, PACS Advisory Committee, PACS Development Cell എന്നിവ ഇതിനായി പ്രവർത്തിച്ചു വരുന്നു.<br><br>കൂടാതെ നബാർഡിന്റെ നിർദ്ദേശ പ്രകാരമുള്ള Business Diversification and Product Innovation Cell ന്റെ പ്രവർത്തനങ്ങളിൽ പ്രാഥമിക സംഘങ്ങളുടെ വിഷയം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരള ബാങ്ക് രൂപീകരണത്തോടെ സഹകരണ വായ്പാ മേഖലയിൽ ഒരു തലം കുറഞ്ഞതോടെ കാർഷിക വായ്പയ്ക്ക് പലിശ |

| | | | |
|---|---|---|---|
| | | | കുറയ്ക്കുവാൻ കഴിഞ്ഞു. KCC വായ്പ 6.25% പലിശയ്ക്ക് നൽകിയിരുന്നത് 5.25% ആയും, മെമ്പർ തലത്തിൽ 4% ത്തിൽ നിന്ന് 3% ആയും കുറയ്ക്കുവാൻ കഴിഞ്ഞു.<br><br>കൂടാതെ നബാർഡ് റീഫൈനാൻസ് ഉള്ള ദീർഘകാല കാർഷിക വായ്പ 4.9% നിരക്കിൽ നൽകി വരുന്നു. ഇതു കൂടാതെ സംഘങ്ങൾക്കായി സമഗ്ര PACS as MSC, MSME വായ്പകളും നൽകി വരുന്നുണ്ട്. ഇപ്രകാരം പ്രാഥമിക വായ്പാ സംഘങ്ങളുടെ സമഗ്ര പുരോഗതി ഉറപ്പു വരുത്തുന്നതിനാണ് കേരള ബാങ്ക് പരിശ്രമിക്കുന്നത്.<br><br>ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചതോടെ പ്രാഥമിക ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ കാര്യക്ഷമമായി ഇടപെടാൻ സാധിച്ചിട്ടുണ്ട്. |
| (സി) | കേരള ബാങ്കിനെ പൂർണമായും റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്നതുമൂലം ഭരണസമിതികൾക്ക് പോലും കാര്യമായ ഇടപെടൽ നടത്താൻ സാധിക്കാത്ത അവസ്ഥ സംജാതമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | കേരള സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും മുൻപും ബാങ്കിംഗ് റഗുലേഷൻ ആക്ട് പ്രകാരം RBI/NABARD നിയന്ത്രണത്തിനു വിധേയമായാണ് പ്രവർത്തിച്ചിട്ടുള്ളത്. കേരള ബാങ്ക് ഭരണസമിതിയുടെ പ്രവർത്തനത്തിന് പ്രത്യേക തടസ്സങ്ങളൊന്നും നിലവിലില്ല. |
| (ഡി) | കരുവന്നൂർ ബാങ്കിൽ പണം നിക്ഷേപിക്കുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അനുമതി നൽകാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ഡി) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്നതിനും, ബാങ്കിന്റെ പ്രവർത്തനം പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനും വ്യക്തമായ പദ്ധതി ഗവൺമെന്റ് അംഗീകരിച്ച് നടപ്പിലാക്കുന്നതാണ്. |
| (ഇ) | സഹകരണ ബാങ്കുകളുടെ കൺസോർഷ്യം വഴി കരുവന്നൂർ ബാങ്കിലെ നിക്ഷേപകർക്ക് പണം തിരിച്ചുനൽകും എന്ന സർക്കാർ വാഗ്ദാനം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഇ) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്നതിനും, ബാങ്കിന്റെ പ്രവർത്തനം പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനും വ്യക്തമായ പദ്ധതി ഗവൺമെന്റ് അംഗീകരിച്ച് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ